# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3016
## 18.10.2016 ലെ മറുപടിയ്ക്ക്
## **പങ്കാളിത്ത പെൻഷൻ പദ്ധതി**

**ചോദ്യം :**
**ശ്രീ. പി.കെ.ബഷീർ**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ ജീവനക്കാർ സർവ്വീസിലിരുന്ന് മരിക്കുകയോ, മറ്റ് കാരണങ്ങളാൽ നിർബന്ധിത വിരമിക്കലിന് വിധേയമാവുകയോ ചെയ്യുന്ന സാഹചര്യത്തിൽ അവരുടെ ആശ്രിതർക്ക് പഴയ ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കുന്ന അതേ രീതിയിൽ തന്നെ കുടുംബ പെൻഷൻ നല്കാൻ 05.05.2009 ൽ കേന്ദ്ര സർക്കാർ ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ? | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | പി.എഫ്.ആർ.ഡി.എ നിർദ്ദേശാനുസരണം എൻ.പി.എസ്. സംസ്ഥാന ജീവനക്കാർക്കും നടപ്പാക്കിയ സ്ഥിതിയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിലേത് പോലെ സമാന വിഷയത്തിൽ സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | ഇല്ല |
| സി | സംസ്ഥാന സർക്കാർ ഉത്തരവ് കേന്ദ്ര സർക്കാർ ഉത്തരവിൽ നിന്നും വ്യത്യസ്തമാണോ; എങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ; | ബാധകമല്ല |
| ഡി | സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമയത്ത് ആശ്രിത നിയമനം നൽകുന്നതോടൊപ്പം പെൻഷൻ തുടർന്നും നൽകിയിരുന്നോ; എങ്കിൽ എൻ.പി.എസ്. നടപ്പാലാക്കിയതിന് ശേഷം ആശ്രിത നിയമനം നല്കിയതിന് ശേഷം ഫാമിലി പെൻഷൻ തുടർന്നും നല്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | സ്റ്റാറ്റ്യൂട്ടറി പെൻഷൻ പ്രകാരം ആശ്രിത നിയമനം നല്കുന്നതിനോടൊപ്പം കുടുംബ പെൻഷൻ തുടർന്നും പങ്കാളിക്ക് മാത്രമായി നല്കിവരുന്നുണ്ട്. നാഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് കുടുംബ പെൻഷന് അർഹതയില്ല, എന്നിരുന്നാലും സംസ്ഥാന സർക്കാരിന്റെ 31.08.2016 ലെ സ.ഉ(പി)നം.126/2016/ധന പ്രകാരം അവകാശിക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുന്നത് വരെ ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% തുക ആശ്വാസ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**